പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ:947 02.12.15 ൽ മറുപടിക്ക്

**കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേയ്ക്ക് എത്തുന്ന പാഴ്ജലം സ്രോതസ്സുകളിൽ തന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളേയും, ആശുപത്രികളേയും ഉത്തുംഗ കെട്ടിടങ്ങളേയും കൊണ്ടുവരികയും, അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ച ശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശവും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർ ഷിക്കുകയും ചെയ്തു വരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരശോധിക്കുകയും പാഴ്-ജല സാമ്പിളുകൾ ശേഖരിച്ച് ബോർഡിന്റെ ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും, വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും, നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ; തടാക സംരക്ഷണ പ്രവൃത്തികൾ; നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം/ റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) | പുതിയ ത്രിതല പഞ്ചായത്ത് ഭരണ സമിതികൾ അധികാരമേറ്റ സാഹചര്യത്തിൽ അവരുമായി കൂടിയാലോചിച്ച് പുതിയ പദ്ധതിക്ക് രൂപം നൽകുമോ; | (ബി) പുതിയ പദ്ധതികൾക്കുള്ള രൂപം നൽകിയിട്ടില്ല |
| (സി) | നദികളിലും തടാകങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ വിപുലമായ അധികാരങ്ങളോടെ നദീതട അതോറിറ്റിക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന വിപുലമായ അധികാരങ്ങളുള്ള 'സംസ്ഥാന നദീ-തണ്ണീർതട അതോറിറ്റി' രൂപീകരണം സംബന്ധിച്ച ബിൽ തയ്യാറാക്കി; കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് -2003 ഭേദഗതിയിലൂടെ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണ യിലാണ്. എന്നാൽ സൊസൈറ്റീസ് ആക്ട് പ്രകാരം പരിസ്ഥിതി വകുപ്പിന്റെ കീഴിൽ തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ